## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 635 — 25.5.2017 -ൽ മറുപടിയ്ക്ക്

## ടൂറിസം മാർക്കറ്റിംഗ്

| ചോദ്യം<br>ശ്രീ. എം.സ്വരാജ്<br>ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ. വി. ജോയി<br>ശ്രീ.പി.വി. അൻവർ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി). | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടൂറിസം മാർക്കറ്റിംഗ് വിപുലപ്പെടുത്തി കൂടുതൽ വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | എ) | • കേരള ടൂറിസം വിപണി വിപുലീകരിക്കുന്നതിനായി വിദേശ രാജ്യങ്ങളിൽ റോഡ് ഷോകളും ട്രേഡ് ഫെയറുകളും സംഘടിപ്പിച്ചു.<br>• ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവാദിത്ത ടൂറിസത്തിന്റെ പ്രചരണം സംസ്ഥാന വ്യാപകമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br>• നവ മാധ്യമങ്ങളുടെ സഹായത്തോടെ കേരളത്തിന്റെ ടൂറിസം സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br>• കേരള ബ്ലോഗ് എക്സ് പ്രസ് പോലുള്ള നവീന മാർക്കറ്റിംഗ് തന്ത്രങ്ങൾ നടപ്പാക്കി വരുന്നു.<br>• വിനോദസഞ്ചാരികളെയും കലാസ്വാദകരേയും ആകർഷിക്കുന്നതിനായി കൊച്ചി ബിനാലെ സംഘടിപ്പിച്ചു.<br>• യൂറോപ്പിലെ പ്രധാന ചാനലുകളായ യൂറോന്യൂസ്, സ്കൈന്യൂസ് എന്നിവയിലും മിഡിൽ ഈസ്റ്റ്, ആഫ്രിക്ക എന്നിവിടങ്ങളിലേയും പ്രധാന ടിവി ചാനലായ സി.എൻ.എൻ ലും കേരള ടൂറിസത്തിന്റെ പരസ്യം പ്രൈം ടൈമിൽ സംപ്രേക്ഷണം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | • സ്വീഡൻ, യുണൈറ്റഡ് കിങ്ഡം, സ്പെയിൻ, ഫ്രാൻസ്,ജർമനി, ഇറ്റലി, തുടങ്ങിയ രാജ്യങ്ങളിലെ മാസികകളിൽ കേരള ടൂറിസത്തിന്റെ പരസ്യം പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br>• ആസ്ട്രേലിയയിലെ അച്ചടി മാധ്യമങ്ങളിലും, സിഡ്നി, മെൽബൺ എന്നീ നഗരങ്ങളിലെ പ്രധാന ടി.വി ചാനലായ സി.എൻ.എൻ - ലും, ഔട്ട് ഓഫ് ഹോം (OOH) പ്രചരണം വഴി ട്രാമുകളിലും കേരള ടൂറിസത്തിന്റെ പരസ്യം നൽകിയിട്ടുണ്ട്. |
| ബി) | ലോക ടൂറിസം വിപണിയിൽ വേണ്ടവിധം കടന്നുചെല്ലാനും ലോക ടൂറിസ്റ്റ് ഭൂപടത്തിൽ സ്ഥാനം നിലനിർത്തുന്നതിനും കാര്യക്ഷമതയുള്ള പ്രചരണ പരിപാടികളും വിപണന തന്ത്രങ്ങളും ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ? | ബി) | ലോക ടൂറിസം വിപണിയിൽ കേരള ടൂറിസത്തിന്റെ പ്രാതിനിധ്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രചരണ പരിപാടികളും, വിപണന തന്ത്രങ്ങളും ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ